LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 1908-ലെ രജിസ്ട്രേഷൻ ആക്ട് വകുപ്പ് 78(2) പ്രകാരം സംസ്ഥാന ഗവൺമെന്റിന്, പൊതുതാത്പര്യാർത്ഥം അങ്ങനെ ചെയ്യേണ്ടത് ആവശ്യമാണെന്ന് തോന്നുകയാണെങ്കിൽ ഔദ്യോഗിക ഗസറ്റിൽ പരസ്യപ്പെടുത്തുന്ന ഉത്തരവുമൂലം ഒന്നുകിൽ പൊതുവായോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക വിഭാഗത്തിലോ, വിഭാഗങ്ങളിലോ പെടുന്ന സംഗതികൾക്കായോ അതിനും ആളുകൾക്ക് പൊതുവായോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക വിഭാഗത്തിലോ വിഭാഗങ്ങളിലോപെടുന്ന ആളുകളെ സംബന്ധിച്ചോ അങ്ങനെയും, (1)-ാം ഉപ വകുപ്പ് (എ) മുതൽ (ഐ) വരെയുള്ള ഖണ്ഡങ്ങളിൽ വിവരമായിപ്പറഞ്ഞിട്ടുള്ള ഏതെങ്കിലും സംഗതികൾ സംബന്ധിച്ച് കൊടുക്കേണ്ടതായ ഫീസ് ഇളവുചെയ്ത് കൊടുക്കാവുന്നതാണ്. പ്രസ്തുത വകുപ്പനുസരിച്ച്, മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവിനാൽ സർക്കാർ ഫീസ് ഇളവ് അനുവദിച്ചുവരുന്നുണ്ട്.

(ബി) രജിസ്ട്രേഷൻ ഫീസ് ഇളവ് ആവശ്യമുള്ള സ്ഥാപനം ഫീസ് ഇളവിനുള്ള അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്. ആയതിന്മേൽ ഫീസ് ഇളവ് അനുവദിക്കുന്നതുമൂലം സർക്കാരിനുണ്ടായേക്കാവുന്ന റവന്യൂ നഷ്ടം തിട്ടപ്പെടുത്തി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം/അനുമതി ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭാ യോഗമാണ് വിഷയത്തിൽ തീരുമാനമെടുക്കുന്നത്. മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവിനാൽ സർക്കാർ ഫീസ് ഇളവ് അനുവദിച്ചുവരുന്നു.

(സി) 1908-ലെ രജിസ്ട്രേഷൻ ആക്ട് വകുപ്പ് 76(2)-ന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തം കെട്ടിടം

261 (7232) ശ്രീ. എ. എ. അസീസ് :
ശ്രീ. കൊവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര സബ് രജിസ്ട്രാർ ഓഫീസുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) എത്ര സബ് രജിസ്ട്രാർ ഓഫീസുകൾ സ്വന്തം കെട്ടിടങ്ങളിലോ മറ്റ് കെട്ടിടങ്ങളിലോ പ്രവർത്തിക്കുന്നു ;

(സി) മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളും സ്വന്തം കെട്ടിടത്തിലോ മറ്റ് വകുപ്പുകളുടെ കെട്ടിടത്തിലോ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 311 സബ് രജിസ്ട്രാർ ആഫീസുകളാണ് നിലവിലുള്ളത്.

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ വക കെട്ടിടങ്ങളിലും മിനി സിവിൽ സ്റ്റേഷനുകളിലും റവന്യൂ വകുപ്പിന്റെ കെട്ടിടങ്ങളിലുമായി 201 സബ് രജിസ്ട്രാർ ആഫീസുകൾ പ്രവർത്തിക്കുന്നു. 110 സബ് രജിസ്ട്രാർ ആഫീസുകൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

(സി) സ്വന്തമായി കെട്ടിടമില്ലാത്തതും കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടുള്ളതുമായ സബ് രജിസ്ട്രാർ ഓഫീസുകൾക്ക് ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിവരുന്നു. സർക്കാർവക കെട്ടിടങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വാടകകെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന സബ് രജിസ്ട്രാർ ഓഫീസുകൾ ടി കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നുണ്ട്.

മോണോറെയിൽ പദ്ധതി

262 (7233) ശ്രീ. എളമരം കരീം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോണോറെയിൽ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പദ്ധതിയുടെ കരാർ സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(സി) തിരുവനന്തപുരത്തും കോഴിക്കോട്ടുമായി സ്ഥാപിക്കുന്ന മോണോറെയിൽ പദ്ധതിക്ക് എന്ത് തുക ചെലവ്വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; പണം ഏതെല്ലാം സ്രോതസ്സുകളിലൂടെ കണ്ടെത്താമെന്നാണ് കരുതുന്നത് ;

(ഡി) മോണോറെയിൽ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) സംസ്ഥാന ബജറ്റിൽ ഈ പദ്ധതികൾക്ക് എന്തു തുകവീതം വകയിരുത്തിയിട്ടുണ്ട് ; ഇതിനകം ചെലവായ തുക എത്ര ?

ഉത്തരം

(എ&ബി) മോണോറെയിൽ പദ്ധതികൾക്കായി കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ് 1-10-2013-ന് ടെണ്ടർ

LIBRARY ARCHIVES Kerala Legislative Assembly